## തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

# ബജറ്റ്

## 2025-2026



# ആമുഖം

ബഹുമാന്യരെ,

നമ്മുടെ ഭരണസമിതിയുടെ അവസാന ബജറ്റ് ബഹു. വൈസ് പ്രസിഡണ്ട് ഡി.പ്രജീഷ് അവതരിപ്പിക്കുകയാണ്. 2025-26 വർഷത്തിൽ ലഭ്യമാകുന്ന ഫണ്ടുകളുടെ വെളിച്ചത്തിലാണ് ഈ ബജറ്റ് രൂപപ്പെടുന്നത് എന്നതുകൊണ്ടുതന്നെ കൃത്യമായ വികസന ചിത്രം ബജറ്റിൽ നിന്ന് വ്യക്തമാവും. ഇതിനപ്പുറം എം.പി, എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്ന് ലഭിക്കുന്ന സഹായങ്ങളും സി.എസ്.ആർ ഫണ്ടും കിട്ടിയാൽ കൂടുതൽ വികസന സാധ്യതകൾ സൃഷ്ടിക്കപ്പെടും. കഴിഞ്ഞ 4 വർഷവും സാങ്കേതിക തടസ്സങ്ങൾ വഴിമുടക്കാത്ത ഏതാണ്ടെല്ലാ പ്രവർത്തികളും നമുക്ക് തീർക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില പ്രവർത്തികൾ പ്രവർത്തന വഴിയിലും ചിലത് സാങ്കേതിക അനുമതി ലഭിച്ചും കിടക്കുന്നുണ്ട്.

നാടാകെ ലഹരി വ്യാപനത്തിന്റെ ആശങ്കയിൽ കഴിയുന്ന കാലത്ത് ലഹരി പ്രതിരോധ പ്രവർത്തനത്തിനും വികസന പ്രവർത്തനത്തിന്റെ പ്രധാന അടയാളമായ പാശ്ചാത്തല സൗകര്യ വികസനത്തിനും ബജറ്റിൽ കാര്യമായ പരിഗണന കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് കഴിഞ്ഞ 4 വർഷമായ് തുടരുന്ന ജനപക്ഷ വികസനയാത്രക്ക് വേഗം കൂട്ടാൻ കഴിയുന്നതായിരിക്കും 2025-26 ലെ ബജറ്റ് എന്ന പ്രതീക്ഷയോടെ ബജറ്റ് അവതരണത്തിന് വൈസ് പ്രസിഡണ്ട് ഡി.പ്രജീഷിനെ ക്ഷണിക്കുന്നു.

**ഹാജറ പി.സി.**
പ്രസിഡണ്ട്
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്



# ബജറ്റ് പ്രസംഗം

ബഹുമാന്യരെ,

'നമ്മുടെ അഭിലാഷങ്ങൾ പ്രവർത്തിക്കാനുള്ള ദൃഢനിശ്ചയത്താൽ പൊരുത്തപ്പെടണം. ഇന്ത്യയുടെ ഭാവി നമ്മുടെ കൈകളിലാണ്'. ഈ സാമ്പത്തിക വർഷത്തിൽ ജീവിതത്തോട് വിടപറഞ്ഞ ലോകാരാധ്യനായ സാമ്പത്തിക ശാസ്ത്രജ്ഞനും ഇന്ത്യൻ ധനകാര്യമന്ത്രിയും ഒരു പതിറ്റാണ്ട് പ്രധാനമന്ത്രിയുമായിരുന്ന മൻമോഹൻ സിംഗിന്റെ തീർച്ചയുള്ള വാക്കുകളായിരുന്നു ഇത്. പുകൾപെറ്റ സാമ്പത്തിക അടിത്തറയുണ്ടെന്നഹങ്കരിച്ച സമ്പന്നതയുടെ നെറ്റിപ്പട്ടം കെട്ടിയ രാജ്യങ്ങൾ പോലും ലോകത്ത് രൂപം കൊണ്ട ധനശോഷണ ചുഴിയിൽപെട്ട് ഉലഞ്ഞപ്പോഴും ഇന്ത്യയെന്ന മൂന്നാം ലോക രാജ്യത്തിന്റെ ധനകീയ അടിത്തറ ഊനം തട്ടാതെ സംരക്ഷിച്ച മൻമോഹൻ സിംഗ് എന്ന മിതഭാഷിയായ ധനകാര്യ മനീഷിയുടെ ഓർമ്മകളുടെ കരുത്തിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള ഭരണ സമിതിയുടെ അവസാന ബജറ്റ് അവതരിപ്പിക്കുകയാണ്.

ലഭിച്ചേക്കാവുന്ന സാമ്പത്തികപിന്തുണയുടെ സാധ്യതകൾ വെച്ച് രൂപപ്പെടുത്തപ്പെട്ട ഇന്നലകളിലെ ബജറ്റിൽ നിന്നും വ്യത്യസ്ഥമാണ് 2025-26 ലെ ബജറ്റ്. വരുന്ന സാമ്പത്തീക വർഷത്തിൽ തിരുവള്ളൂരിന്റെ വികസന പ്രക്രിയയുടെ അതിരളവുകൾ നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞതിനാൽ അതിനുള്ളിലെ വിഭവ വിനിയോഗക്രമമാണ് ഇവിടെ അവതരിപ്പിക്കുന്നത്. നമ്മുടെ തദ്ദേശസ്വയംഭരണ സംവിധാനം K Smart ലേക്ക് അടുത്ത മാസത്തോടെ മാറുമ്പോൾ തുടർന്നുള്ള ബജറ്റുകളുടെ രൂപഘടനക്കും മാറ്റമുണ്ടായേക്കാം.

ആവശ്യങ്ങൾ വർദ്ധിക്കുകയും വിഭവ സ്രോതസ്സുകൾ പരിമിതപ്പെടുകയും ചെയ്യുന്ന സാമൂഹ്യ അന്തരീക്ഷമാണ് ഇന്ന് നിലനിൽക്കുന്നത്. പ്രാദേശിക ഭരണകൂടങ്ങളുടെ സാമ്പത്തീക ആരോഗ്യം എന്നത് നികുതി നികുതിഇതര വരുമാനങ്ങൾ, കേന്ദ്ര കേരള സർക്കാർ ഫണ്ടുകൾ, CSR ഫണ്ടുകൾ, MP, MLA ആസ്തിവികസന ഫണ്ടുകൾ, പൊതുജന സംഭാവനകൾ തുടങ്ങിയവയാണ്. ഇവയുടെ ഏറ്റക്കുറച്ചിലുകൾ വികസന പുരോഗതിയെ ബാധിക്കാറുണ്ട്. മാത്രമല്ല അപ്രതീക്ഷിതമായുണ്ടാവുന്ന പകർച്ചവ്യാധികളും, പ്രകൃതി ദുരന്തങ്ങളും നമ്മൾ രൂപപ്പെടുത്തിവെക്കുന്ന വികസനാസൂത്രണത്തെ തകിടം മറിക്കാറുമുണ്ട്. എങ്കിലും ഈ തിരമാലകളെയൊക്കെ മുറിച്ചു നീന്താനും തീരത്തണയാനും നമുക്ക് കഴിഞ്ഞതാണ്.

വരുന്ന സാമ്പത്തിക വർഷത്തിൽ നാടിന്റെ വികസന പ്രശ്നങ്ങൾക്കും ജീവിതപ്രശ്ന ങ്ങൾക്കും ഒപ്പംതന്നെ സാമൂഹിക വിപത്തുകളേയും നമുക്ക് ഗൗരവത്തോടെ അഭിമുഖീകരി ക്കേണ്ടതുണ്ട്. സമൂഹത്തിൽ അപകടകരമായി പടരുന്ന ലഹരിയുടെ ഉപയോഗത്തിന് അവസാനം കാണാനുള്ള പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്ത് നേതൃത്വം കൊടുക്കും.

വലിച്ചു ചുരുക്കിയതും
കുടിച്ചു തീർത്തതുമൊക്കെ
നിന്റെ സ്വപ്നങ്ങൾ തന്നെയാഡോ......
നിന്നെ ഇഷ്ടപ്പെട്ടവരുടെ പ്രതീക്ഷയും

എന്ന് ആഷിഫ് ചേളാരി തന്റെ നുറുങ്ങു കവിതയിൽ പറഞ്ഞു വെച്ചത് ലഹരി വഴി

സഞ്ചരിക്കുന്നവരെ ബോധ്യപ്പെടുത്തിയും മോചിപ്പിച്ചും 'എന്റെ നാട് (നമ്മളോരോരുത്തരുടേയും) നല്ല നാട്' ആയി മാറാനുള്ള ലഹരി പ്രതിരോധ പ്രവർത്തനങ്ങൾക്ക് രണ്ടര ലക്ഷം രൂപ ആദ്യമെ വകയിരുത്തുന്നു.

ഓൺലൈൻ മതിലിൽ ഇങ്ങനെ ഒരു കുറിപ്പ് കിടക്കുന്നുണ്ട്

'എവിടെപോയാലും അവസാനം സ്വന്തം വീടിന്റെ ചുമരിനോട്
ചാരിക്കിടക്കുമ്പോൾ നമ്മൾ എത്ര സന്തുഷ്ടരാണ്'

സ്വന്തമായൊരുവീട് ഏതൊരാളുടേയും ആഗ്രഹമാണ്. അത് സാധ്യമാക്കാൻ ബുദ്ധിമുട്ടുന്നവരെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ പല വകുപ്പുകളിലായി നൽകി വന്ന ധനസഹായങ്ങളാണ് ഏകീകരിച്ച് ലൈഫ് എന്ന ഒറ്റ കുടക്കീഴിലേക്ക് വന്നത്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട അർഹരായ മുഴുവൻ ഗുണഭോക്താക്കളേയും പരിഗണിക്കാൻ കഴിഞ്ഞതിൽ നമുക്ക് അഭിമാനിക്കാം. ഇവരുടെ തുടർവിഹിതം നൽകേണ്ടതിലേക്ക് 4 കോടി രൂപ നീക്കിവെക്കുന്നു.

ഇന്ത്യൻ-സ്ലോവേനിയൻ വംശപരമ്പരയിലെ കണ്ണിയായ സുനിത വില്യംസ് സഹയാത്രികരായ ബുച്ച് വിൽ മോർ, നിക് ഹേഗ്, അലക്സാണ്ടർ ഗോർബുനോവ് എന്നിവർ ഡ്രാഗൺ ക്രൂ 9 എന്ന പേടകത്തിന്റെ ശാസ്ത്ര ചിറകേറി ശൂന്യാകാശത്തിൽ പറന്നിറങ്ങി പഠനം നടത്തി തിരിച്ചെത്തിയതിന്റെ വിസ്മയ കാഴ്ചയിലാണ് ലോകമിന്ന്. സമൂഹം ബോധപൂർവ്വം രൂപപ്പെടുത്തുന്ന ചതുരക്കളത്തിൽ നിന്ന് പുറത്തുകടന്ന സ്ത്രീ തന്റെ കഴിവിന്റെ, ശേഷിയുടെ അപാരതകൾ അറിയാനും അതിനനുസരിച്ച് ജീവിക്കാനും തുടങ്ങിയതിൽ നിന്നാണ് സുനിത വില്യംസുമാർ പിറവി കൊള്ളുന്നത്. ഇതറിഞ്ഞുകൊണ്ടു തന്നെ അനുദിനം മാറുന്ന ശാസ്ത്ര സാങ്കേതികവിദ്യയുടെ അറിവനുഭവങ്ങൾ നമ്മുടെ നാട്ടിലെ സ്ത്രീകൾക്കും ലഭ്യമാക്കുവാൻ വേണ്ടിയും അതുവഴി ഈ മേഖലയിൽ താല്പര്യമുള്ളവർക്ക് വഴിവിളക്കായിമാറാനും കൂടാതെ സ്ഥാപനത്തിലും വീട്ടിലും തൊഴിൽ ചെയ്യാൻ സൗകര്യക്കുറവുള്ളവർക്ക് അവസരമൊരുക്കാൻ വുമൻസ് വർക്ക്ഹബ് എന്നൊരിടമൊരുക്കാൻ 40 ലക്ഷം രൂപ നീക്കിവെക്കുന്നു.

പ്രപഞ്ചപഠനം പ്രകാശവേഗം കൈവരിക്കാൻ ശ്രമിക്കുന്ന വർത്തമാന കാലത്തിനൊപ്പം നമുക്കും സഞ്ചരിക്കാം. ഇതിനോട് ചേർന്നു നിൽക്കുന്ന ഭൗമശാസ്ത്ര പഠനം, ഗ്രഹ-ഉപഗ്രഹ ഗവേഷണങ്ങൾ, കാലാവസ്ഥ പഠനം, നക്ഷത്ര പഠനം, ശൂന്യാകാശ പഠനം തുടങ്ങിയവയ്ക്കൊക്കെ സൗകര്യമൊരുക്കാൻ കഴിയുന്ന രീതിയിൽ ഒരു വെതർ സ്റ്റേഷൻ നിർമ്മിച്ചാൽ അത് ഈ മേഖലയിൽ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഏറെ ഉപകാരമാവും. ഇതിനാവശ്യമായ കെട്ടിട നിർമ്മാണത്തിന് 15 സെന്റ് ഭൂമി സൗജന്യമായി വിട്ടുതരാൻ സമ്മതപത്രം കിട്ടിയിട്ടുണ്ട്. വെതർ സ്റ്റേഷൻ പ്രാരംഭപ്രവർത്തനത്തിന് 5 ലക്ഷം രൂപ വകയിരുത്തുന്നു.

സൂര്യനാവില്ല ഞാൻ
ചന്ദ്രനൊ ചക്രവാളമൊ ആവില്ല
താമരയും മയിൽപീലിയോ ആവില്ല
അക്ഷരമാവും ഞാൻ
ഓരോ തലമുറയുടേയും കൂടെ
വീണ്ടും ജനിക്കുന്ന അക്ഷരം

അക്ഷരങ്ങളുടെ മൂർച്ച കവി സച്ചിദാനന്ദൻ ഇങ്ങനെയാണ് വാക്കുകളാൽ വരക്കുന്നത്. നമ്മുടെ വിദ്യാലയങ്ങളിൽ വിജയപാഠം പദ്ധതി തിളങ്ങുന്നതിൽ നമുക്ക് അഭിമാനിക്കാം. ഒന്നാന്തരംവര, ഇഞ്ചിമിഠായി സഹവാസ ക്യാമ്പ്, അക്ഷരാദരം, മത്സര പരീക്ഷകളിലെ ഉന്നത വിജയികൾക്കുള്ള ആദരവ്, LSS-USS പരീക്ഷാർത്ഥികൾക്കുള്ള പരിശീലനം, വിവിധ ദിനാചരണങ്ങൾ തുടങ്ങിയ പരിപാടികൾക്കൊപ്പം ജൈവ വൈവിധ്യ മേഖലയിൽ അക്ഷരോദ്യാനം, കുട്ടികളുടെ മാഗസിൻ, വിദേശഭാഷാപഠനം തുടങ്ങിയവ കൂടി ഉൾപ്പെടുത്തി വിജയപാഠം പദ്ധതിയിൽ കൂടുതൽ വൈവിധ്യവൽകരണം നടത്തും. വിജയപാഠം പദ്ധതിക്കായി മൂന്നര ലക്ഷം രൂപ നീക്കിവെക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ എസ്.സി വിഭാഗത്തിൽപെട്ടവരിൽ ബഹുഭൂരിപക്ഷവും വീടുനിൽക്കുന്നതിനപ്പുറത്ത് ഭൂമിയില്ലാത്തവരാണ്. അതുകൊണ്ടുതന്നെ ഈ വീടുകളിൽ മരണം നടന്നാൽ ശവസംസ്കാരം പൂക്കോട് ശ്മശാനത്തിലാണ് നടക്കുന്നത്. ഇവിടെ സ്ഥലസൗകര്യമുണ്ടെങ്കിലും അത് ഇതുവരെ ഗുണപരമായ രീതിയിൽ ഉപയോഗിക്കപ്പെട്ടിട്ടില്ല. ഇത് ഉൾക്കൊണ്ട് മരണാനന്തര ക്രിയകൾക്കുള്ള സൗകര്യങ്ങൾക്കും വിശ്രമത്തിനും ഉതകുന്ന രീതിയിൽ ഒരു ജൈവോദ്യാനമായി ശ്മശാനം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

വെള്ളം വെള്ളം സർവ്വത്ര
തുള്ളി കുടിക്കാനില്ലൊട്ടും

അടുത്തകാലത്ത് ഉയർന്നുകേട്ട വസ്തുതയാർന്ന ഈരടികളിൽ ഒന്നാണിത്. നമ്മുടെ കുടിവെള്ള സ്രോതസ്സുകളിലെ മലിനീകരണതോത് അനുദിനം വർദ്ധിച്ചുവരികയാണ്. വീട്ടിലെ വെള്ളം പോലും 100% ശുദ്ധമെന്ന് പറയാൻ കഴിയാത്തിടത്ത് പുറത്തിറങ്ങിയാൽ നമ്മേൾ ആശ്രയിക്കുന്നത് കുപ്പിവെള്ളമാണ്. ശുദ്ധമെന്ന് സ്വയം വിശ്വസിപ്പിച്ചാണ് വലിയ വില കൊടുത്ത് വാടിയ വെള്ളം വാങ്ങി കുടിക്കുന്നത്. ഇതിന് പകരം പഞ്ചായത്തിലെ പ്രധാന പാതയോരങ്ങളിൽ വാട്ടർ ബൂത്തുകൾ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കാൻ 6 ലക്ഷം രൂപ നീക്കിവെക്കുന്നു. ഇതുവഴി കുപ്പിവെള്ളത്തിന്റെ ഒഴിഞ്ഞ ബോട്ടിലുകൾ ഉണ്ടാക്കുന്ന മാലിന്യപ്രശ്നവും ഒഴിവാക്കാൻ കഴിയും.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 17, 20 എന്നീ അങ്കണവാടികൾ സ്മാർട്ടാക്കാൻ ആവശ്യമായ സ്ഥലം കിട്ടിക്കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇതിനായി 63 ലക്ഷം രൂപ വകയിരുത്തുന്നു. സെന്റർ നമ്പർ 19 അങ്കണവാടിക്ക് 5 സെന്റ് ഭൂമി സൗജന്യ മായികിട്ടാൻ വഴിയൊരുങ്ങുന്നുണ്ട്. നടപടിക്രമം പൂർത്തിയാകുന്ന മുറക്ക് ഇതിനും ആവശ്യമായ തുക ലഭ്യമാക്കും.

നമ്മുടെ നാട്ടിൽ വ്യാപകമായി കാണപ്പെടുന്ന ചില വൃക്ഷ ഇനങ്ങൾ പ്രത്യേകിച്ച് ഈന്ത്, മാവ് തുടങ്ങിയവ കീടബാധയാലും പരാദ സസ്യവളർച്ചയാലും നാശോന്മുഖാ വസ്ഥയിലാണ്. നമ്മുടെ ആവാസ വ്യവസ്ഥയുടെ നിലനില്പിന് ഇത്തരം സസ്യങ്ങളുടെ സംരക്ഷണം ആവശ്യമുണ്ട്. കാർഷിക ഗവേഷകരുടെ സഹകരണത്തോടെ ഈ പ്രവർത്തനം ഏറ്റെടുക്കാനായി 2 ലക്ഷം രൂപ കണക്കാക്കുന്നു.

ആരോഗ്യമുള്ള യുവതയെ വളർത്തിയെടുക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വമായി ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ രണ്ടാമത് ഓപ്പൺജിം & വെൽനെസ് സെന്റർ വള്ള്യാട് ഹെൽത്ത് സെന്ററിൽ തുടങ്ങും. ഇതിനായി 1.5 ലക്ഷം രൂപ വകയിരുത്തുന്നു.

കേരളത്തിന്റെ പ്രത്യേകിച്ചും കടത്തനാടിന്റെ സ്വന്തമെന്ന് പറയാവുന്ന കായിക ഇനമാണ് വോളിബോൾ. ഏതാനും വർഷങ്ങൾ മുമ്പ് വരെ നാട്ടിൽ ഒട്ടേറെ വോളിബോൾ മൈതാനങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇന്ന് അത്തരം സൗകര്യങ്ങളുള്ള ഇടങ്ങൾ ഇല്ലെന്നു തന്നെ പറയാം. നാടിന്റെ വോളീബോൾ പൈതൃകം നിലനിർത്താനും പുതിയ തലമുറക്ക് പരിശീലനം നൽകാനുമായി വോളി അക്കാദമി സ്ഥാപിക്കാനും സ്ഥലം ലഭ്യമാകുന്നമുറക്ക് വോളിബോൾ ഗ്രൗണ്ട് നിർമ്മിക്കാനും 2 ലക്ഷം രൂപ കണക്കാക്കുന്നു.

വിവര സാങ്കേതികവിദ്യയുടെ വിസ്ഫോടന പ്രകമ്പനം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. എ.ഐ സാങ്കേതികവിദ്യയുടെ അതിവേഗ വളർച്ചാ കാലത്ത് നമ്മുടെ വിദ്യാലയ പഠന പ്രവർത്തനത്തിലും ഇതിനായി ശ്രമം തുടങ്ങുകയാണ്. ഇതിനായി തിരുവള്ളൂർ ഗവ.യു.പി സ്കൂളിൽ ഹോളോഗ്രാം തീം പാർക്ക് തുടങ്ങാൻ രണ്ടു ലക്ഷം രൂപ നീക്കിവെക്കുന്നു.

ഒടുവിൽ ഭൂപടത്തിൽ
ഭൂമധ്യരേഖയിൽ കയറി
എലി പ്രഖ്യാപിച്ചു
'ഇത് എന്റെ സാമ്രാജ്യം'

രോഗപകർച്ചയുടെ ഭീകരത ഗോപിനാരായണൻ മാസ്റ്ററുടെ കവിതാവരികളിലൂടെ നമുക്ക് വായിച്ചെടുക്കാം. പക്ഷെ നമുക്ക് ഉറപ്പിച്ച് പറയാൻ കഴിയും നമ്മുടെ ആരോഗ്യ മേഖലയിലെ

രോഗപ്രതിരോധ സേനയുടെ കാലാൾപടയായി വിന്യസിക്കപ്പെട്ട ആശാവർക്കർമാരുടെ സേവനം നിലനിൽക്കുന്ന കാലത്തോളം ഒരു പകർച്ചവ്യാധിക്കും പരിധിക്കപ്പുറം ഇവിടെ മുന്നേറാൻ കഴിയില്ല. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരിക്കെ പരിമിതമായ സമയത്തേക്ക് സേവനപാതയിലേക്കിറക്കിയ ആശാവർക്കർമാരിലാണ് ഇന്ന് ഏതാണ്ടെല്ലാ ആരോഗ്യ-പ്രതിരോധ പ്രവർത്തനങ്ങൾ ചെന്നു നിൽക്കുന്നത്. അവരുടെ ഇന്നത്തെ പ്രവർത്തനസമയം വെച്ചു നോക്കിയാൽ കിട്ടുന്ന വേതനം തുലോം തുച്ഛമാണ്. വേതന പരിഷ്കരണത്തിനായ് ആശാവർക്കർമാർ നടത്തുന്ന സമരത്തോട് നമ്മൾ ഐക്യപ്പെടണം. അവരുടെ സേവന സന്നദ്ധതയേയും സ്വയം സമർപ്പണത്തേയും ചേർത്തുനിർത്തിക്കൊണ്ട് യൂനിഫോമും, ഇൻഷൂറൻസും ഏർപ്പെടുത്താൻ 1 ലക്ഷം രൂപ നീക്കിവെക്കുന്നു.

ഇന്നീ നാടിനെ വൃത്തിയുള്ളതാക്കി നിർത്തുന്ന പോരാട്ടത്തെ മുന്നിൽ നിന്ന് നയിക്കുന്നത് ഹരിത കർമ്മസേനയാണ്. ഏതാനും വർഷങ്ങൾ മുമ്പ് നൂറ്റമ്പത് ഇരുനൂറ് രൂപ വേതനത്തിൽ ജോലി ചെയ്യേണ്ടിവന്ന ഹരിത കർമ്മസേന അംഗങ്ങൾക്ക് ക്രമാനുഗതമായി വേതന വർദ്ധനവും യൂനിഫോമും ലഭ്യമാക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം നമുക്ക് പങ്കുവെക്കാം. ഇന്ന് ശരാശരി 400 രൂപ ദിവസ വേതനം കിട്ടുന്ന അവസ്ഥയിൽ നിന്നും 700 രൂപവരെയെങ്കിലും ഉയർത്താൻ കഴിയണം. ഇതിന് കൂടുതൽ പരിശ്രമം ആവശ്യമാണ്. വരുമാന വർദ്ധനവിന് സഹായകമാകുന്ന ഘടകങ്ങളുടെ കൂട്ടിച്ചേർക്കലും നമുക്ക് പരിശോധിക്കാം. പാഴ്വസ്തുക്കൾ നീക്കം ചെയ്യാനുള്ള വാഹനം നിരത്തിലിറങ്ങുന്നതോടെ സേനാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്ന് ഉറപ്പിക്കാം. ഹരിതകർമ്മസേനാ അംഗങ്ങളായ സഹോദരിമാർക്ക് യൂനിഫോം, ഇൻഷൂറൻസ്, സുരക്ഷാ സംവിധാനങ്ങൾ, ടെലഫോൺ അലവൻസ് ഉൾപ്പെടെ നൽകാൻ രണ്ടു ലക്ഷം രൂപ വകയിരുത്തുന്നു.

ഒരു നാടിന്റെ വികസന മാപിനിയായി റോഡാണ് പ്രധാനമായും കണക്കാക്കപ്പെടുന്നത്. കഴിഞ്ഞ നാല് വർഷങ്ങൾ കൊണ്ട് നൂറുകണക്കിന് റോഡുകൾ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തെങ്കിലും ആവശ്യങ്ങൾ അത്രതന്നെ നിലനിൽക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുവഴിയും തൊഴിലുറപ്പ് പദ്ധതിവഴിയും ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ച് മിനിമം 150 റോഡുകളെങ്കിലും ഈ സാമ്പത്തീക വർഷം നിർമ്മിക്കാനും നവീകരിക്കാനും ലക്ഷ്യമിടുന്നു. കൂടാതെ ആസാദി മാർഗ്ഗ് ആയി രൂപപ്പെടുന്ന സ്കൂൾ റോഡിന്റെ സൗന്ദര്യവൽകരണം കൂടി ഉൾപ്പെടുത്തി 8.5 കോടി രൂപയാണ് റോഡ് വികസനത്തിന് വകയിരുത്തിയിട്ടുള്ളത്. കൂടാതെ തെരുവ് വിളക്ക് പരിപാലനത്തിന് 6 ലക്ഷവും പൊതുകിണർ നവീകരണത്തിന് 4 ലക്ഷവും കുടിവെള്ള മേഖലയ്ക്ക് 42 ലക്ഷവും വകയിരുത്തുന്നു. നമ്മുടെ നാടിന്റെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ബഹു. കേരള സർക്കാരിന് സമർപ്പിച്ച 99 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

വലിയ അസൗകര്യങ്ങൾക്ക് നടുവിലെ ചെറിയ സൗകര്യത്തിലാണ് നമ്മുടെ വെറ്റിനറി സബ് സെന്റർ വാടകക്ക് പ്രവർത്തിക്കുന്നത്. ഇതിനൊരു മാറ്റത്തിനായുള്ള നാടിന്റെ ആഗ്രഹം സഫലമാകുകയാണ്. വാർഡ് 4 കണ്ണമ്പത്തുകരയിൽ ജ. കോമത്ത് കുഞ്ഞബ്ദുള്ള ഹാജി വെറ്റിനറി സബ്സെന്ററിന് കെട്ടിടം പണിയാനായി 3 സെന്റ് ഭൂമി സൗജന്യമായി തന്നുകഴിഞ്ഞു. ഇവിടെ കെട്ടിടം പണിയാനായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ കാർഷിക മേഖലയാണ്. എക്കാലത്തേയും പോലെ ഈ വർഷവും അതിപ്രാധാന്യത്തോടെയാണ് കാർഷിക മേഖലയെ ബജറ്റ് സമീപിക്കുന്നത്. നെൽകൃഷി 9 ലക്ഷം, തെങ്ങ് കൃഷി 8 ലക്ഷം, കവുങ്ങ് കൃഷി 4.5 ലക്ഷം, കിഴങ്ങ് വർഗ്ഗ കൃഷി 4 ലക്ഷം, കുറ്റികുരുമുളക് കൃഷി 3.60 ലക്ഷം, പുഷ്പ കൃഷി .50 ലക്ഷം, മട്ടുപാവ് കൃഷി 5.5 ലക്ഷം, കർഷകർക്ക് മോട്ടോർ പമ്പ്സെറ്റ് ലഭ്യമാക്കൽ 2.5 ലക്ഷം ഉൾപ്പെടെ ആകെ 39 ലക്ഷം രൂപ കാർഷികമേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി നീക്കിവെക്കുന്നു.

പക്ഷി മൃഗപരിപാലനത്തിലൂടെ ജീവിത വരുമാനം കണ്ടെത്തുന്ന അനവധി പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. അവർക്ക് ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകാൻ മുട്ടക്കോഴി വിതരണം 24 ലക്ഷം, കിടാരി വിതരണം 20 ലക്ഷം, കന്നുകുട്ടി പരിപാലനം 15 ലക്ഷം, കാലിത്തീറ്റ വിതരണം 12 ലക്ഷം, ക്ഷീര സംഘങ്ങൾക്ക് കൗ ലിഫ്റ്റ് ലഭ്യമാക്കൽ .75 ലക്ഷം ഉൾപ്പെടെയുള്ള വിവിധ ഇനങ്ങളിൽ 67.25 ലക്ഷം കണക്കാക്കുന്നു. ജീവിതത്തിന്റെ നിറം മങ്ങാതിരിക്കാനുള്ള ആഗ്രഹവുമായി പ്രവാസികളായവർ ഒടുവിൽ തിരിച്ചെത്തുമ്പോൾ വരുമാന മാർഗ്ഗമായി സ്വീകരിക്കാൻ കഴിയുന്ന രീതിയിൽ കാർഷിക മൃഗസംരക്ഷണ മേഖലിൽ സംവിധാനമൊരുക്കും.

ലോകത്തിലെ മനുഷ്യരെല്ലാം ഭിന്നശേഷിക്കാരാണെന്നും ഒരാളെ പോലെ മറ്റൊരാളെ കാണാനാവില്ലെന്നും അഭിപ്രായപ്പെട്ടത് എഴുത്തുകാരനായ വൈശാഖനാണ്. സാമൂഹിക വികസനം ആസൂത്രണം ചെയ്യുമ്പോൾ പ്രഥമ പരിഗണന നൽകപ്പെടേണ്ടവരാണ് മാനസീക ആരോഗ്യ വെല്ലുവിളികൾ നേരിടുന്നവർ. ഇവർ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പൂർണ്ണ പരിഹാരം കാണാനുള്ള സാമ്പത്തീക പിൻബലമില്ലെങ്കിലും സ്കോളർഷിപ്പ് 15 ലക്ഷം, ഉപജീവന സഹായം 1 ലക്ഷം, ഉല്ലാസയാത്ര 1 ലക്ഷം, കലോത്സവം 1 ലക്ഷം, ശ്രവണ സഹായ വിതരണം 2 ലക്ഷം ഉൾപ്പെടെ വിവിധ പദ്ധതികൾ വഴി ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് പിൻബലമേകാൻ 18 ലക്ഷം രൂപ വകയിരുത്തുന്നു.

സമൂഹത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ദുർബല ജനവിഭാഗങ്ങളായ പട്ടികജാതിയിൽപ്പെട്ടവരുടെ വിവിധ തല ക്ഷേമപ്രവർത്തനത്തിന് ബജറ്റ് പ്രാധാന്യം നൽകുന്നു. തുരുത്തി സാംസ്കാരിക നിലയം 2 ലക്ഷം, കൈവെട്ടത്ത് താഴ ഉളിമുക്കത്ത് ഫാം റോഡ് 3.5 ലക്ഷം, എസ്.സി. വിവാഹ ധനസഹായം 2.5 ലക്ഷം, സ്കോളർഷിപ്പ് 5 ലക്ഷം, ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് 4 ലക്ഷം, പഠനമുറി 2 ലക്ഷം ഉൾപ്പെടെ 35 ലക്ഷം രൂപ പട്ടികജാതി ക്ഷേമപ്രവർത്തനത്തിന് കണക്കാക്കുന്നു.

നമ്മുടെ കുടുംബത്തിന്റെ നിയന്ത്രിതബിന്ദു സ്ത്രീകളാണ്. അവരുടെ സാമൂഹിക ശാക്തിക രൂപമാണ് കുടുംബശ്രീ. കുടുംബങ്ങളുടെ സാമ്പത്തീക സുരക്ഷക്ക് പിന്തുണ നൽകുന്നതിൽ കുടുംബശ്രീ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. കുടുംബശ്രീ വിപണന കേന്ദ്രത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 2.5 ലക്ഷവും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് വനിതാ മേഖലയിലേക്ക് 32 ലക്ഷവും നീക്കിവെക്കുന്നു.

കുതിച്ചുപാഞ്ഞ വഴികളിലൂടെ കിതച്ചു നടക്കുന്നൊരുകാലം വരാനുണ്ടെന്ന തിരിച്ചറിവിൽ നിന്നാണ് ആസൂത്രണ പ്രക്രിയയിൽ വയോജന ക്ഷേമത്തിന് മുഖ്യ പരിഗണന ലഭിക്കുന്നത്. വയോജനകേന്ദ്രം ആധുനിക വത്കരണത്തിന് 4 ലക്ഷം, വയോജനങ്ങൾക്ക് ആരോഗ്യരക്ഷാഉപകരണങ്ങൾ ലഭ്യമാക്കാൻ 1 ലക്ഷം, വയോജന കലോത്സവത്തിന് 1 ലക്ഷം, ഉല്ലാസയാത്രയ്ക്ക് 1 ലക്ഷം എന്നിവ ഉൾപ്പെടെയുള്ള വയോജന ക്ഷേമ പ്രവർത്തനങ്ങൾക്ക് 7 ലക്ഷം രൂപ നീക്കിവെക്കുന്നു.

പശ്ചാത്തല-അടിസ്ഥാന സൗകര്യവികസനത്തിൽ വിദ്യാലയങ്ങളെ ഏറെ ശ്രദ്ധിക്കേണ്ട തായിട്ടുണ്ട്. വിജയപാഠത്തിനു പുറമെ വിദ്യാലയങ്ങളുടെ ഓഫീസ് ഫർണീച്ചർ 1.5 ലക്ഷം, പ്രഭാത ഭക്ഷണത്തിന് 1 ലക്ഷം, ഉത്തരയാത്ര 1 ലക്ഷം, കായിക പരിശീലനം .75 ലക്ഷം, ലാബ് സൗകര്യമൊരുക്കാൻ .50 ലക്ഷം ഉൾപ്പെടെ 15 ലക്ഷം രൂപ വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്നു.

ആരോഗ്യരംഗത്ത് അലോപ്പതി മേഖലയിൽ ചെമ്മരത്തൂർ സബ് സെന്റർ നിർമ്മാണത്തിന് 4 ലക്ഷം, വള്ള്യാട് വെൽനെസ് സെന്റർ തുടങ്ങാൻ 1.5 ലക്ഷം, കണ്ണമ്പത്ത്കര സബ് സെന്റർ കിണർ നിർമ്മാണത്തിന് 5 ലക്ഷം എന്നിങ്ങനെ ആകെ 12.5 ലക്ഷം രൂപയും, ആയുർവേദ മേഖലയിൽ ആകെ 7 ലക്ഷം രൂപയും നീക്കിവെക്കുന്നു. ശ്രീ. കെ.മുരളീധരൻ എം.പി ആയിരിക്കെ അനുവദിച്ച അരക്കോടി രൂപ കൊണ്ട് ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം ആരംഭിക്കുകയാണ്. ഹോമിയോ ചികിത്സാ രംഗത്തെ വിവിധ പ്രവർത്തനങ്ങൾ ക്കായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഏറെക്കുറെ അങ്കണവാടികളും നിർമ്മാണ സമയത്തെ ഭാവനയില്ലായ്മയും ശ്രദ്ധക്കുറവും കൊണ്ടുണ്ടായ പ്രയാസങ്ങൾ പരിഹരിക്കാൻ നിരന്തരം അറ്റകുറ്റപണികൾ നടത്തേണ്ടുന്ന സാഹചര്യമാണുള്ളത്. ഇനിയുമേറെ അങ്കണവാടികളുടെ ഭൂമി ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന്റെ പേരിൽ റജിസ്റ്റർ ചെയ്യേണ്ടതായിട്ടുണ്ട്. കെട്ടിട ങ്ങളും അനുബന്ധ സാഹചര്യങ്ങളും മനോഹരവും ശിശുസൗഹൃദവും ആയെങ്കിൽ മാത്രമെ കുട്ടികളും രക്ഷിതാക്കളും ഇവിടങ്ങളിലേക്ക് എത്തിച്ചേരുകയുള്ളു. അറ്റകുറ്റപണി ബാക്കി യുള്ള അങ്കണവാടികൾക്കായി 10 ലക്ഷം രൂപയും, കളിയുപകരണങ്ങൾ വാങ്ങാൻ 3 ലക്ഷം രൂപയും, അങ്കണവാടി കലോസവത്തിന് 1 ലക്ഷം രൂപയും, ഇന്റർനെറ്റ് സൗകര്യം നടപ്പാക്കാൻ 1.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 78 ലക്ഷം രൂപ ഈ മേഖലയിലെ വികസനത്തിനായി നീക്കിവെക്കുന്നു.

നമ്മുടെ അങ്ങാടികൾ വൃത്തിയും സൗന്ദര്യമുള്ളതുമാക്കി മാറ്റേണ്ടതുണ്ട്. ഇതിനായി വ്യാപാരികളുടേയും ഡ്രൈവർമാരുടേയും സഹകരണത്തോടെ ഹരിത കർമ്മസേനയുടേയും ആരോഗ്യ പ്രവർത്തകരുടേയും നേതൃത്വത്തിൽ സംവിധാനമൊരുക്കും. ഇതിനാവശ്യമായ സാമ്പത്തിക പിന്തുണ സ്പോൺസർഷിപ്പ് വഴി കണ്ടെത്താൻ ശ്രമമുണ്ടാകും. ഓൺലൈൻ കച്ചവടം നാട്ടുകച്ചവട മേഖലയിൽ വലിയ പ്രതിസന്ധിയാണ് ഉണ്ടാക്കുന്നത്. വാടകയിന ത്തിലുണ്ടാകുന്ന വർദ്ധനവും അടിക്കടി ഉണ്ടാകുന്ന കറന്റ് ചാർജ്ജ് വർദ്ധനവും കച്ചവട ക്കാർക്ക് പ്രയാസം ഇരട്ടിപ്പിക്കുകയാണ്. ഈ പ്രയാസങ്ങൾ പരിഹരിക്കാനാവശ്യമായ ചർച്ച കൾക്കും നടപടികൾക്കും ഗ്രാമപഞ്ചായത്ത് തുടക്കമിടും. അങ്ങാടികളിലെ പാർക്കിംഗ് സൗകര്യക്കുറവ് ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ തൊഴിലാളികൾക്ക് വരുമാന നഷ്ടം വരാത്ത രീതിയിലുള്ള ക്രമീകരണം വരുത്തേണ്ടതുണ്ട്. നമ്മുടെ അങ്ങാടികൾ വൃത്തിയോടും സൗന്ദര്യത്തോടും പരിപാലിക്കാനുള്ള സ്വയം സന്നദ്ധ സേനകളായി കച്ചവട ക്കാരും ഡ്രൈവർമാരും മാറണമെന്നാണ് ഗ്രാമപഞ്ചായത്ത് ആഗ്രഹിക്കുന്നത്. അങ്ങാടികൾ വൃത്തിയോടും വെടുപ്പോടും കൂടി പരിപാലിക്കാൻ 5 ലക്ഷം രൂപ നീക്കിവെക്കുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനത്തിൽ വൻ മുന്നേറ്റം നടത്തേണ്ടതുണ്ട്. തൊഴിലാളികളുടെ അവധി നമ്മൾ ആഗ്രഹിക്കുന്ന മുന്നേറ്റത്തിന് തടസ്സമുണ്ടാക്കുന്നത് ഒഴിവാക്കാൻ ജാഗ്രത പുലർത്തണം. അടിസ്ഥാന വികസന മേഖലയിൽ കുറഞ്ഞത് 60 റോഡുകളെങ്കിലും ഈ വർഷം തൊഴിലുറപ്പ് പദ്ധതി വഴി യാഥാർത്ഥ്യമാക്കണം. ഈ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് 12 കോടി രൂപ വകയിരുത്തുന്നു.

‘അലങ്കോലം പ്രകൃതിയുടെ നിയമമാണ്.
അതിനൊരു വ്യവസ്ഥയുണ്ടാക്കുന്നത് മനുഷ്യന്റെ
എക്കാലത്തേയും സ്വപ്നവുമാണ്’

എന്ന് കാഥികന്റെ പണിപ്പുരയൊരുക്കി ഇക്കഴിഞ്ഞ മഞ്ഞ് മാസത്തിൽ കാലത്തിന്റെ കൈയ്യും പിടിച്ച് അക്ഷരങ്ങളുടെ നാലുകെട്ടിൽ നിന്നും രണ്ടാമൂഴമില്ലാത്ത യാത്രക്കിറങ്ങിയ എം.ടി പറയുന്നുണ്ട്. ഇതുപോലെ വൈവിധ്യമാർന്ന സാമൂഹ്യാവസ്ഥക്ക് ചട്ടക്കൂടുണ്ടാക്കാനുള്ള വികസന സമീപനം സൃഷ്ടിക്കുക എന്നതാണ് ഗ്രാമപഞ്ചായത്തുകളുടെ ചുമതല. ഈ ബോധ്യത്തോടെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ മുൻബാക്കി 5,80,74,517 രൂപയും തൻവർഷം വരവിനത്തിൽ പ്രതീക്ഷിക്കുന്ന 38,72,68,080 രൂപയും ചേർന്നുള്ള 44,53,42,597 രൂപ യിൽ നിന്ന് ചെലവിനത്തിൽ പ്രതീക്ഷിക്കുന്ന 40,56,38,200 രൂപയും കഴിച്ച് 3,97,04,397 രൂപ നീക്കിയിരിപ്പുള്ള 2025-26 വാർഷിക ബജറ്റ് സൂക്ഷ്മമായ വിലയിരുത്തലിനും ചർച്ചക്കും വേണ്ടി അംഗീകാരത്തിനും വേണ്ടി അവതരിപ്പിക്കുന്നു.

ജയ്ഹിന്ദ്

**ഡി.പ്രജീഷ്**
വൈസ് പ്രസിഡണ്ട്
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്